ശ്രീ. ഭാസ്കരൻ നായർ

അടിസ്ഥാന ശമ്പളം	1200	രൂപ
ഡെപ്യൂട്ടേഷൻ അലവൻസ്	240	,,
ഡി.എ.	363	,,
വീട്ടുവാടക അലവൻസ്	216	,,
ആകെ	2019	,,

കാഞ്ഞിരപ്പുഴ പദ്ധതി

1324 [2123] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ പദ്ധതിക്ക് ഈ സാമ്പത്തികവർഷം എത്ര സംഖ്യയാണ് വക കൊള്ളിച്ചിട്ടുള്ളത്;

(ബി) എത്ര സംഖ്യ ഇതിനകം ചെലവായി;

(സി) എന്നേയ്ക്കു പണി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) 1978-79 ൽ 350 ലക്ഷം രൂപ. 1979-80 ൽ 350 ലക്ഷം രൂപ.

(ബി) 28-3-1979 വരെ 269 ലക്ഷം രൂപ.

(സി) 1981-82 ൽ പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഗവൺമെന്റ് പ്ലീഡർമാർ

1325 [2125] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഗവൺമെന്റ് പ്ലീഡർമാരുണ്ട്;

(ബി) അവരിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരെത്ര;

(സി) പ്ലീഡർമാരെയും പബ്ലിക് പ്രോസിക്യൂട്ടർമാരേയും നിയമിക്കുമ്പോൾ സംവരണതത്വം പാലിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) സംവരണതത്വം അനുസരിച്ച് പ്രസ്തുത നിയമനങ്ങൾ നടത്തുവാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ)	പബ്ലിക് പ്രോസിക്യൂട്ടർ	(ഹൈക്കോർട്ട്)	1
	സീനിയർ ഗവ: പ്ലീഡർ	,,	1
	അഡീഷണൽ ഗവ: പ്ലീഡർ	,,	8
	ജൂനിയർ ഗവ: പ്ലീഡർ	,,	8

LIBRARY ARCHIVES Kerala Legislative Assembly